# PARENT TEACHER ASSOCIATION

*Government Engineering College, Thrissur - 680009*

**PTA Office :2337294**
**College Office :2334144**
**Principal (Office) :2334590**

**Patron (Principal):**
Dr. K. Vijayakumar
**Secretary:**
Prof. P P Sivan
**Joint Secretary:**
Prof. Shaju K S
**President:**
Sri. P.P.Nandan
**Vice President:**
Adv. M K Narayanan
**Treasurer:**
Prof. Rameshkumar P

GEC/PTA/TEN/2014-15/03 12/12/2014

**TENDER**

Quotations are invited to run a mess for dining 130 girls students using the facilities available at the present ladies hostel Dinning hall. The details and terms of conditions with regard to this is attached herewith

Final date of submission of tender :- 07/01/2014- 4.00 Pm
Opening of Tender :- 07/01/2014-4.30Pm

15/12

**Staff In Charge** **Principal** **PTA Secretary**

Information Passed to

a) PTA Notice Board
b) College Notice Board
c) Hostel Notice Boards (2)
d) College web site

Intimation of this ~~adver~~ tender is advertising in Mathrubhoomi Paper

PTA Secretery

## കേരള സർക്കാർ സാങ്കേതിക വിദ്യഭ്യാസ വകുപ്പ്

## ഗവ..എൻജിനീയറിങ് കോളേജ് ഹോസ്റ്റൽ, തൃശൂർ-9

## മെസ്സ് നടത്തുന്നതിനുള്ള വ്യവസ്ഥകൾ

2014 നവംബർ മാസം ഒന്നാം തീയതി കേരള ഗവർണറും (ഇനി മുതൽ കേരള ഗവർണ്മൻറ് എന്നറിയപ്പെടും). ശ്രി -------------------- വയസ്സ് എന്ന ആളും (ഇനി മുതൽ കരാറുകാരൻ എന്നറിയപ്പെടും)താഴെ പറയുന്ന വ്യവസ്ഥകൾ അടങ്ങിയിരികുന്ന സമ്മതപത്രത്തിൽ താഴെ കാണിച്ചിരിക്കുന്ന സാക്ഷികളുടെ സാന്നിധ്യത്തിൽ ഒപ്പ് വെച്ചിരിക്കുന്നു.

1. കേരള ഗവർണർക്കു വേണ്ടി
   തൃശ്ശൂർ ഗവ: എഞ്ചിനീയറിങ്ങ് കോളേജ് ഹോസ്റ്റൽ വാർഡൻ,
   ശ്രി -------

2. കരാറുകാരൻെറ പേര ്
3.

1. തൃശ്ശൂർ ഗവ: എഞ്ചിനീയറിങ്ങ് കോളേജ് ഹോസ്റ്റൽ വാർഡൻ അവർകളുടെ തീയതി ------- ഉത്തരവു അനുസരിച്ച് ് ലേഡീസ് ഹോസ്റ്റൽ പുതിയ ബ്ലോക്കിൽ ടെണ്ടറിൽ പറഞ്ഞ മെനു നൽകാമെന്നും നിശ്ച്ചിത വിലക്ക് കൃത്യസമയത്ത് നൽകാമെന്നും ശ്രി ----------------എന്ന കരാറുകാരൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു
2. തൃശ്ശൂർ ഗവ: എഞ്ചിനീയറിങ്ങ് കോളേജ് ലേഡീസ് ഹോസ്റ്റൽ 'ചിത്തിര' ബ്ലോക്കിലെ 100 – 150 വിദ്യാർത്ഥിനികളെ ഉദ്ദേശിച്ചുള്ളതാണ മെസ്സ്.
3. ഈ കരാറിൻെറ പൂർത്തീകരണത്തിനു വേണ്ടി കരുതൽ ധനം എന്ന നിലയിൽ ------- രൂപ വാർഡൻെറ പേരിലുള്ള സ്ഥിര നിക്ഷേപ രസീതിയായി ഇതൊടൊപ്പം പ്രത്യേകം സമർപ്പിച്ചിട്ടുണ്ട്.
4. മെസ്സ് ആവശ്യത്തിനുള്ള വൈദ്യുതി,വെള്ളം,ഫർണിച്ചർ എന്നിവ ഹോസ്റ്റെലിൽ ലഭിക്കുന്നതും ആയതിൻെറ താരിഫ് കോണ്ട്രാക്ടർ അടക്കേണ്ടതാണ ്. അതിലേക്കായി കരാറുകാരൻ മെസ്സ് നടത്തുന്ന മാസം തൊറും ഇലക്ട്രിസിറ്റി,വെള്ളം മറ്റാവശ്യങ്ങൾ എന്നിവയിലേക്കായി 2000/-( രണ്ടായിരം രൂപ) വാർഡൻെറ പി.ഡി ഫണ്ടിൽ അടക്കേണ്ടതാണ ്.വൈദ്യുതി ഉപയൊഗം അളക്കുന്നതിനായി മീറ്റർ ഘടിപ്പിക്കുന്നതാണ ്. വെള്ളം ദുരുപയോഗം ചെയ്യാൻ പാടുള്ളതല്ല.
5. മെസ്സിലേക്കാവശ്യമായ പലച്ചരക്ക് ( മെനുവിനൊപ്പം നൽകുന്ന പട്ടികയിലെ ബ്രാൻഡ് അനുസരിച്ച്),പച്ചക്കറി,മത്സ്യ മാംസ അനുബ്ന്ധ സാധനങ്ങൾ,ഗ്യാസ് സിലിണ്ടർ, പാൽ എന്നിവ ഗുണനിലവരം ഉറപ്പുവരുത്തി കോണ്ട്രാക്ടർ സ്വന്തം ഉത്തരവാദിത്വത്തിൽ ഉപയോഗിക്കേണ്ടതാണ ്. ഗ്യാസ് സിലിണ്ടർ മൂന്നിൽ കൂടുതൽ മെസ്സിൽ സൂക്ഷിക്കാൻ പാടുള്ളതല്ല.കാലാവധി കഴിഞ്ഞ സധനങ്ങൾ ഒന്നും മെസ്സിൽ ഉപയോഗിക്കരുത്.

6. തന്നിരിക്കുന്ന മെനുപ്രകാരമുള്ള ഉയർന്ന നിലവാരമുള്ള ഭക്ഷണം നിയന്ത്രണങ്ങളില്ലാതെ താഴെ സൂചിപ്പിച്ച സമയക്രമത്തിൽ നൽകേണ്ടതും സ്നാക്സ്,പപ്പടം എന്നിവ നിയന്ത്രണവിധേയമായി വിതരണം ചെയ്യേണ്ടതുമാണ.മെസ്സ് പ്രവർത്തന സമയങ്ങളിൽ കോണ്ട്രാക്ടറോ,അവരുടെ അംഗീക്രത പ്രതിനിധിയോ നിർബന്ധമായും മെസ്സിൽ ഉണ്ടാകേണ്ടതാണ ്.മെനുവിൽ വരുത്താവുന്ന ചെറിയ മാറ്റങ്ങൾ കരാറുകാരനും ഹോസ്റ്റെൽ കൗൺസിലും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ ്.

7. മെസ്സ് സമയക്രമം

| | |
|---|---|
| BREAKFAST | : 7 AM – 8.45 AM |
| LUNCH | : 12 PM- 1.30 PM |
| EVENING TEA | : 3.30 PM - 5 PM |
| DINNER | : 6.30 PM- 8 PM |

8. മെസ്സ് കരാറുകാരൻ ഫ്രഷ് ആയ ഭക്ഷണം വിതരണം ചെയ്യേണ്ടതും പാചകത്തിനുപയോഗിക്കുന്ന സാധനങ്ങൾ പാചകക്രമീകരണങ്ങൾ എന്നിവ ആവശ്യമാണെങ്കിൽ ഹോസ്റ്റെൽ കൗൺസിലിനോ ബന്ധപ്പെട്ട പ്രധിനിധിക്കോ പരിശോധിക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ. ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മറ്റോരവസരം നൽകാതെ കരാർ റദ്ദാക്കുന്നതും ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് കരാറുകാരൻ ബാധ്യസ്ഥനാകുന്നതുമാണ ്.

9. കരാറുകാരൻ ലേബർ നിയമങ്ങൾ പാലിക്കേണ്ടതും മെസ്സിൽ ജോലിക്കായി നിർത്തുന്നവരുടെ തിരിച്ചറിയൽ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതുമാണ.സർവീസ് ടാക്സ് സംബന്ധിച്ച പ്രശ്നങ്ങളിലൊന്നും തന്നെ ഹോസ്റ്റെൽ അഡ്മിനിസ്ട്രാഷന ് ഉണ്ടാകുന്നതല്ല. കരാറുകാരൻ ഫുഡ് അഡൽട്ടെറേഷൻ നിയമം 1954 നു വിധേയനായിരിക്കുന്നതാണ ്.

10 അടുക്കള,മെസ്സ് ഹാൾ,മെസ്സ് പരിസരം എന്നിവ ശുചിയായി സൂക്ഷിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ.മെസ്സിൽ ഉപയോഗിക്കുന്ന പാത്രങ്ങളും ഓരോ ഭക്ഷണശേഷവും ചൂടുവെള്ളം ഉപയോഗിച്ച് ശുചിയക്കേണ്ടതും ഭക്ഷ്യ വിഷബാധ ഉണ്ടകാതിരിക്കാൻ പ്രത്യേകം ശ്രദ്ധികേണ്ടതും ഉണ്ടാവുകയാണെങ്കിൽ എല്ലാ ഹോസ്പിറ്റൽ അനുബന്ധ ചിലവും കരാറുകാരൻ എടുക്കേണ്ടതുമാണ ്.മെസ്സിൽ ജോലി ചെയ്യുന്നവർ യൂണിഫോറം ധരിക്കേണ്ടതും അവർക്ക് മെഡിക്കൽ ഫിറ്റ്നസ് ഉണ്ടാകേണ്ടതുമാണ ്.

11 മെസ്സിൽ ഉപയോഗപ്പെടുത്തുന്ന ജീവനക്കാരുടെ എണ്ണം വാർഡനുമായി തീരുമാനിക്കേണ്ടതും ജീവനക്കാർ ഹൊസ്റ്റൽ നിവസികളോട് മാന്യമായി പെരുമാറേണ്ടതും ലഹരി വസ്തുക്കൾ മെസ്സിൽ ഉപയൊഗിക്കാൻ പാടില്ലാത്തതുമാകുന്നു.മെസ്സ് ജീവനക്കാർ യാതൊരു കാരണവശാലും മെസ്സിൽ താമസിക്കുവാൻ പടുള്ളതല്ല.പ്രസ്തുത ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ആനുകൂല്യങ്ങൾ എന്നിവ കരാറുകാരൻെറ ഉത്തരവാദിത്വമായിരിക്കും

12 വെക്കേഷൻ മെസ്സ് ആവശ്യമാകുന്ന പക്ഷം നടത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ ്.കരാർ വ്യവസ്ഥകൾ ആവശ്യമാകുന്ന പക്ഷം മാറ്റം വരുത്തുവാൻ ഹോസ്റ്റൽ കൗൺസിൽ കരാറുകാരനുമയി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതണ ്.

13 മെസ്സ് കരാറുകാരൻ വിദ്യാർത്ഥിനികളുടെ മെസ്സ് അറ്റെൻെറൻസ് യധാവിധം സൂക്ഷിക്കേണ്ടതും വിദ്യാർത്ഥിനികൾ ആവശ്യപ്പെട്ടാൽ അവരെ കാണിക്കേണ്ടതുമാണ ്.

14 മെസ്സ് കൗൺസിൽ/വാർഡൻ/പി.ടി.എ സെക്രട്ടറി തരുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ ്.മെസ്സ് കൗൺസിൽ/വാർഡനാണ മെസ്സിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കേണ്ടത്.

<u>പിഴ ഈടാക്കൽ</u>

15 മെസ്സിൽ ഉപയോഗിക്കുന്ന പച്ചക്കറി ഗുണനിലവാരമുള്ളയിരിക്കണം,പലചരക്ക് മത്സ്യ മാംസം മറ്റു സാധനങ്ങൾ എന്നിവ മികച്ച ഗുണനിലവാരമുള്ളയിരിക്കണം മെസ്സ് കൗൺസിൽ/വാർഡൻ തരുന്ന മെനു കർശനമായി നടപ്പാക്കേണ്ടതാണ. അല്ലാത്തപക്ഷം ഓരൊ തവണയും 2000/- രൂപ പിഴ ഈടാക്കവുന്നതാണ ്.

16 <u>ബില്ലിങ്ങ് & പേയ്മെൻറ്</u>

മെസ്സ് കരാറുകാരൻ എല്ലാ മാസവും മെസ്സ് ബില്ല് തുക കണക്കാക്കി വിദ്യാർത്ഥിനികളിൽ നിന്ന് നേരിട്ട് കൈപറ്റേണ്ടതാണ ്.

താഴെ കാണിച്ചിരിക്കുന്ന സാക്ഷികളുടെ സാന്നിധ്യത്തിൽ കരാറുകാരനും കേരള ഗവർണർക്കു വേണ്ടി തൃശ്ശൂർ ഗവ: എഞ്ചിനീയറിങ്ങ് കോളേജ് ഹോസ്റ്റൽ വാർഡനും 2014-------മാസം------- തീയതി ഒപ്പ് വെച്ചിരിക്കുന്നു.

1. കരാറുകാരൻെറ പേര്.

   പൂർണ്ണ വിലാസം

   സ്ഥാപനത്തിൻെറ പൂർണ്ണ വിലാസം

2. ശ്രീ -------

   തൃശ്ശൂർ ഗവ: എഞ്ചിനീയറിങ്ങ് കോളേജ് ഹോസ്റ്റൽ വാർഡൻ,

മേൽ കാണിച്ച കരാറുകൾ അംഗീകരിച്ച് കരാർ ഞങ്ങളുടെ സാന്നിധ്യത്തിൽ ഒപ്പിട്ടിരിക്കുന്നുവെന്ന് സമ്മതിച്ചിരിക്കുന്നു.

2014---------------മാസം-------- തീയതി

1 പേര്.

   വിലാസം

   ഒപ്പ്

2. പേര്.

   വിലാസം

   ഒപ്പ്